**ക്രമപ്രശ്നം**

**ധനകാര്യ മെമ്മോറാണ്ടം പുന:പരിശോധിക്കുന്നത് സംബന്ധിച്ച്**

ശ്രീ. വി. പി. സജീന്ദ്രൻ: സർ, 2019-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബില്ലിന്മേലുള്ള ക്രമപ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. മേൽപറഞ്ഞ ബിൽ പ്രകാരം പ്രവേശന മേൽനോട്ട സമിതിയും ഫീസ് നിയന്ത്രണ സമിതിയും രണ്ട് പ്രത്യേക സമിതികളായി രൂപവൽക്കരിക്കാനാണ് ബില്ലിൽ നിബന്ധന ചെയ്തിട്ടുള്ളത്. രണ്ട് സമിതികളുടെയും അദ്ധ്യക്ഷന്മാർ ഹൈക്കോടതിയിൽ നിന്നും വിരമിച്ച ഒരു ജഡ്ജി ആയിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. ഒർജിനൽ ബില്ലിൽ പ്രവേശനവും ഫീസും നിയന്ത്രണവും സമിതിയുടെ ചെയർപേഴ്സൺ സുപ്രീംകോടതിയിൽ നിന്നോ ഹൈക്കോടതിയിൽ നിന്നോ വിരമിച്ച ഒരു ജഡ്ജി ആയിരിക്കണമെന്നായിരുന്നു വ്യവസ്ഥ. ഈ ഭേദഗതി ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ ബിൽ പ്രാബല്യത്തിൽ കൊണ്ടുവന്നാൽ സഞ്ചിത നിധിയിൽ നിന്ന് യാതൊരു അധിക ചെലവും ഉണ്ടാകുന്നില്ലായെന്നാണ് പറഞ്ഞിട്ടുള്ളത്. 2-11-2017-ലെ ഹൈക്കോടതി

വിധിപ്രകാരം രണ്ട് പ്രത്യേക സമിതികൾ രൂപീകരിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഭേദഗതികൾ കൊണ്ടുവന്നത്. രണ്ട് സമിതികളുടെയും ചെയർപേഴ്സൺമാരായി നിയോഗിക്കുന്ന സാഹചര്യത്തിൽ അവരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി സഞ്ചിത നിധിയിൽ നിന്നും തുക ചെലവാകും. ഇക്കാര്യം മറച്ചുവച്ചാണ് ധനകാര്യ മെമ്മോറാണ്ടം നൽകിയിട്ടുള്ളത്. ഇത് നിയമസഭാ ചട്ടം - 73-ന്റെ ലംഘനമാണ്. ആയതിനാൽ ഈ ബിൽ കറക്ട് ചെയ്യാൻ അങ്ങ് റൂളിംഗ് നൽകണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2-11-2017-ലെ ഹൈക്കോടതി വിധിന്യായത്തിലെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനാണ് പ്രവേശന മേൽനോട്ടത്തിനും ഫീസ് നിയന്ത്രണത്തിനുമായി രണ്ട് വ്യത്യസ്ത സമിതികൾ രൂപീകരിക്കുന്നതിനായി 2017-ലെ ആക്ടിൽ ഭേദഗതികൾ കൊണ്ടുവരാൻ നിശ്ചയിച്ചിരിക്കുന്നത്. സമിതികളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രസ്തുത മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമിതികളിലെ

അദ്ധ്യക്ഷനായി നിശ്ചയിച്ചിട്ടുള്ളത് ഹൈക്കോടതിയിൽ നിന്നും വിരമിച്ച ഒരു ജഡ്ജിയെ ആണ്. സമിതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ആക്ടിലെ വ്യവസ്ഥകൾ നടത്തിപ്പിൽ വരുത്തുന്നതിനായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ എല്ലാ വശങ്ങളും പരിഗണിച്ചുകൊണ്ട് നീതിയുക്തമായ തീരുമാനം കൈക്കൊള്ളുന്നതിന് രണ്ട് സമിതികളിലേയും അദ്ധ്യക്ഷനായി ഒരേ ജഡ്ജി തന്നെ ആയിരിക്കുന്നതായിരിക്കും അഭികാമ്യമെന്ന് സർക്കാർ ഉദ്ദേശിക്കുന്നു. 2006-ലെ ആക്ട് അനുസരിച്ചുള്ള രണ്ട് കമ്മിറ്റികളുടെയും അദ്ധ്യക്ഷൻ ഒരേ ആളായി പ്രവർത്തിച്ച അനുഭവമാണ് ഇവിടെയുള്ളത്.